**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2079** **12-02-2024 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ 56 വയസ്സ് കഴിഞ്ഞ രണ്ട് ശാസ്ത്രജ്ഞരുടെ സേവന കാലാവധി നീട്ടി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | രണ്ട് ശാസ്ത്രജ്ഞരുടെ സേവന കാലാവധി നീട്ടി നൽകിയിട്ടില്ല. |
| (ബി) | 56 വയസ്സ് കഴിഞ്ഞവർക്ക് കാലാവധി നീട്ടി നൽകുമ്പോൾ എക്സ്റ്റേണൽ എക്സ്പെർട്ട് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലായിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ ഇവരുടെ കാലാവധി നീട്ടി നൽകിയത് പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ എന്ന് വിശദമാക്കാമോ; | (ബി) | രണ്ട് ശാസ്ത്രജ്ഞരുടെ സേവന കാലാവധി നീട്ടി നൽകിയിട്ടില്ല |
| (സി) | 2022 ൽ വിരമിച്ച 2 ശാസ്ത്രജ്ഞരുടെ പ്രവർത്തന മികവ് പരിശോധിച്ച് അവർക്ക് സേവന കാലാവധി നീട്ടി നൽകാതിരുന്നതിന്റെ കാരണം വിശദമാക്കാമോ? | (സി) | 2022 ൽ സീനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ഒരു ശാസ്ത്രജ്ഞൻ ആണ് സെന്ററിൽ നിന്ന് വിരമിച്ചത്. കെ.എസ്.ആർ.ഇ.സി ജീവനക്കാരുടെ സർവ്വീസ് റൂളിലെ ഖണ്ഡിക 13.1 പ്രകാരം 55 വയസിനു ശേഷം 60 വയസ് വരെ ശാസ്ത്ര വിഭാഗം ജീവനക്കാരെ തുടരാൻ അനുവദിക്കുന്നത് സർക്കാരിന്റെ വിവേചനാധികാരമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2022ൽ വിരമിച്ച ശാസ്ത്രജ്ഞന്റെ സേവന കാലാവധി നീട്ടി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ